I/36620/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## പത്രക്കുറിപ്പ്

## കീം-2023

## കേരള എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശനം അപേക്ഷാ സമർപ്പണം നാളെ അവസാനിക്കുന്നു.

സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡൽഹി, മുംബൈ, ദുബായ് എന്നിവിടങ്ങളിലുമായി മെയ് 17-ന് നടക്കുന്ന 2023-24 വർഷത്തെ കേരള എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേയ്ക്കുള്ള (കീം 2023) പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാ സമർപ്പണം **നാളെ (ഏപ്രിൽ 10) അവസാനിക്കും.** എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് പിന്നീട് യാതൊരു കാരണവശാലും അവസരം ലഭിക്കുന്നതല്ല. ആയതിനാൽ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ നിർബന്ധമായും നാളെ വൈകുന്നേരം 5 മണിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം. പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ്, ഫോട്ടോ, ഒപ്പ്, ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ അപ്‌ലോഡ് ചെയ്ത് ഏപ്രിൽ 10- നകം യഥാവിധി അപേക്ഷ സമർപ്പിക്കുന്നവർക്ക് മറ്റ് സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിന് ഏപ്രിൽ 20 വരെ അവസരമുണ്ടായിരിക്കും. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
08-04-2023

Joint Commissioner(Academic)
For Commissioner for Entrance Examinations